# വായിച്ചുതന്നെ വ

**തൃശൂർ**: ജില്ല ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച വായന പക്ഷാചരണം ജില്ലതല ഉദ്ഘാടനം മുൻ മന്ത്രി പ്രഫ. സി. രവീന്ദ്രനാഥ് നിർവഹിച്ചു. ജില്ല വൈസ് പ്രസിഡൻറ് കെ.എൻ. ഭരതൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സി. അംഗം പി. തങ്കം, ജില്ല സെക്രട്ടറി വി.കെ. ഹാരിഫാബി, ജോ. സെക്രട്ടറി വി. മുരളി, കളരിപ്പറമ്പ് ഗ്രാമീണ വായനശാല സെക്രട്ടറി സിജിത്ത് എന്നിവർ സംസാരിച്ചു.

**വടക്കേക്കാട്**: വായന ദിനാചരണത്തിൻെറ ഭാഗമായി യൂത്ത് കോൺഗ്രസ് വടക്കേക്കാട് പഞ്ചായത്ത് ഗ്രന്ഥശാലയിലേക്ക് പുസ്തകങ്ങൾ നൽകി. ഇൻകാസ് സംസ്ഥാന സെക്രട്ടറി ഹസൻ പഞ്ചായത്ത് പ്രസിഡൻറ് ഫസലുൽ അലിക്ക് കൈമാറി. യൂത്ത് കോൺഗ്രസ് ഭാരവാഹികളായ യൂനുസ്, ഷഹ്സിൽ, ഫാസിൽ, റാഷി എന്നിവർ നേതൃത്വം നൽകി.

പുന്നയൂർക്കുളം സാഹിത്യ സമിതി വായനദിനമാചരിച്ചു. കെ.ബി. സുകുമാരൻ അധ്യക്ഷത വഹിച്ചു. കവിയും ഗാനരചയിതാവുമായ എസ്. രമേശൻ നായരുടെ നിര്യാണത്തിൽ അനുശോചിച്ചു.

കവി ചോമുഹമ്മദുണ്ണി പി.എൻ. പണിക്കർ അനുസ്മരണം നടത്തി. ഉമർ അറക്കൽ, ഷാജു ചെറുവത്തൂർ, ഹക്കിം വെളിയത്ത്, രാജേഷ് കടാമ്പുള്ളി, ദിനേശൻ വന്നേരി, ഐ.ബി. അബ്ദുറഹ്മാൻ എന്നിവർ പങ്കെടുത്തു.

**തൃശൂർ**: വായന സർവതലങ്ങളിലും എത്തണമെന്നും അത് വിശാലമായിരിക്കണമെന്നും മന്ത്രി കെ. രാജൻ. കേരള കാർഷിക സർവകലാശാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വായന വാരാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പി. ബാലചന്ദ്രൻ എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. 'ലൈബ്രറി ടെക്നോളജീസ് ഫോർ അക്കാദമിക് ഇൻക്ലൂഷൻ' പുസ്തകം പി.എസ്.സി അംഗം ടി.ആർ. അനിൽകുമാർ പ്രകാശനം ചെയ്തു.

മാടക്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഇന്ദിര മോഹൻ, കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു, അക്കാദമിക് ലൈബ്രറി അസോസിയേഷൻ ജനറൽ സെക്രട്ടറി കെ.ആർ. അജിതൻ, യൂണിവേഴ്സിറ്റി ലൈബ്രേറിയൻ എ.ടി. ഫ്രാൻസിസ് തുടങ്ങിയവർ പങ്കെടുത്തു.

**ചെറുതുരുത്തി**: ഗ്രാമീണ വായനശാലയുടെ ദിനാചരണം കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ. ടി.കെ. നാരായണൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി കെ. മോഹൻദാസ് അധ്യക്ഷത വഹിച്ചു. യുവ കവയിത്രി രേഖ അമ്പാടി പി.എൻ. പണിക്കർ അനുസ്മരണ പ്രഭാഷണം നടത്തി. കെ.പി. സനൽ സിദ്ദീഖ സ്വാഗതവും കെ. ശ്രീജ നന്ദിയും പറഞ്ഞു.

**വടക്കാഞ്ചേരി**: സൃഷ്ടി സാംസ്കാരിക സമിതിയുടെ നേതൃത്വത്തിൽ മുതിർന്ന ഗ്രന്ഥശാല പ്രവർത്തകനും കുമ്പളങ്ങാട് വായനശാല പ്രസിഡൻറുമായ കെ. സേതുമാധവനെ പൊന്നാട അണിയിച്ചു. സൃഷ്ടി സാംസ്കാരിക സമിതി പ്രസിഡൻറ് അജീഷ് കർക്കിടകത്ത് അധ്യക്ഷത വഹിച്ചു. സൃഷ്ടി കൺവീന